Dream Dare Win
www.jeywin.com

C S (M) 09

**Serial No.** 256

**D–DTN–J–NMB**

# MALAYALAM
## Paper–II
## (Literature)

*Time Allowed : Three Hours* | *Maximum Marks : 300*

## INSTRUCTIONS

*Candidates should attempt questions 1 and 5 which are compulsory, and any* ***THREE*** *of the remaining questions, selecting at least* ***ONE*** *question from each Section.*
*The number of marks carried by each question is indicated at the end of the question.*
*Answers must be written in* ***Malayalam.***

## SECTION A

1. മൂന്നെണ്ണത്തിന്റെ സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും ഇരുനൂറ് വാക്കിൽ കവിയരുത് :- 3×20=60

(a) എല്ലാ ജാതിയും ഇന്നിതു ചൊൽവാൻ
ഏതും കുറവില്ലെന്നെപ്പോലെ
ചൊല്ലാകിന്നവർ ഇതിന് ഒരു ദോഷം
ചൊല്ലുകയില്ല സുഹൃജ്ജനസംഗാൽ.


Dream Dare Win
www.jeywin.com

(Contd.)

Dream Dare Win
www.jeywin.com

(b) "ഇഷ്ടമാണെ"ന്നേ പറഞ്ഞൂ ഞാൻ, കഞ്ചിയോ-
ടിഷ്ടവു മുണ്ടെനിക്കത്രമേ, ലെങ്കിലും
അമ്മതൻ ഗദ്ഗദം വിങ്ങീ ചെവിക്കുള്ളി
ലാഴിത്തിരകൾ തന്നാരവം പോലവേ."

(c) "കന്യമാർക്കു നവാനുരാഗങ്ങൾ
കമ്രശോണ സ്ഫടിക വളകൾ,
ഒന്നുപൊട്ടിയാൽ മറ്റൊ- ന്നിവണ്ണ
മുന്നയിപ്പുഞാൻ തത്ത്വനിരകൾ."

(d) "അനുചിതമിതറിക നൃപകുലമതിനുനല്ലത-
ല്ലയ്യോ നിനക്കു ദുഷ്കീർത്തിയുണ്ടായ്‌വരും
ഫലമതിനു നരകമൊരു ഗതി വരികയില്ലെടോ
പാർത്ഥിവന്മാർക്കു യുദ്ധം വെടിഞ്ഞീടിനാൽ."

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളെ അടിസ്ഥാനമാക്കി ഉപന്യാസം രചിക്കുക.

2. "സന്ദേശ കാവ്യങ്ങൾ പ്രായേണ ശൃംഗാര പ്രധാനമായ കൃതികൾ തന്നെയെങ്കിലും, അവയിൽ രചനാകാലത്തെ ചരിത്രപരവും ഭൂമിശാസ്ത്രപരവും സാമൂഹികവുമായുള്ള പല കാര്യങ്ങളും വർണ്ണിച്ചിരിക്കുന്നതായി കാണാം" - 'ഉണ്ണുനീലിസന്ദേശ'ത്തെ മുൻനിർത്തി ചർച്ചചെയ്യുക. 60

3. വാങ്മയ ചിത്രം സൃഷ്ടിക്കുവാൻ കുമാരനാശനുള്ള കഴിവ് 'ചിന്താവിഷ്ടയായ സീത'യെ അടിസ്ഥാനമാക്കി വിവരിക്കുക. 60



Dream Dare Win
www.jeywin.com

Dream Dare Win
www.jeywin.com

4. പ്രകൃതിയോടുള്ള അതിരറ്റസ്നേഹവും മനുഷ്യജീവിതത്തിന്റെ പ്രശ്നാകുലമായ പരുക്കൻ ഭാവവും ഒ.എൻ.വി. കുറുപ്പിന്റെ കവിതകൾക്ക് പ്രചോദകമായിട്ടുണ്ട് എന്നതിന് നല്ലൊരുദാഹരണമാണ് 'ഭൂമിക്കൊരു ചരമഗീതം' - നിരൂപിക്കുക. 60

## SECTION B

5. മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നും ഇരുനൂറ് വാക്കിൽ കവിയരുത് :- $3 \times 20 = 60$

(a) പതിനെട്ടാം അധ്യായം 'ഇന്ദുലേഖ'യ്ക്ക് ഒരു കളങ്കമാണെന്നുള്ള അഭിപ്രായത്തെ പ്രസ്തുത നോവലിലെ ഇതിവൃത്തഘടനയുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക.

(b) നാടക നിഷേധപരമായ നാടകമാണ് സി.ജെ തോമസിന്റെ '1128-ൽ ക്രൈം 27' - ആധുനിക നാടക തത്ത്വങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുക.

(c) 'ഭീഷ്മരുടെ ധർമ്മനിശ്ചയം', 'വ്യാസന്റെ ചിരി' എന്നീ ലേഖനങ്ങളിൽ കുട്ടികൃഷ്ണമാരാർ ചർച്ചചെയ്തിട്ടുള്ള കാര്യങ്ങൾ യുക്തിഭദ്രമാണോ എന്ന് പരിശോധിക്കുക.

(d) 'ഒരു ഉത്തരാധുനിക രചന' എന്ന വിശേഷണം 'ഹിഗ്വിറ്റ'യിലെ കഥകൾക്ക് യോജിക്കുമോ? വിശകലനം ചെയ്യുക.

(താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളെ അടിസ്ഥാനമാക്കി ഉപന്യാസം രചിക്കുക)


Dream Dare Win
www.jeywin.com

6. "ശൂന്യതാബോധത്തെ കടുത്ത ഒരാഘാതമായി അനുഭവിപ്പിക്കുന്ന ആദ്യത്തെ മലയാള നോവൽ 'ഖസാക്കിന്റെ ഇതിഹാസ'മാണ്" - ചർച്ച ചെയ്യുക. 60

7. 'കഥയുടെ ശില്പത്തിൽ ഏറെ ശ്രദ്ധിക്കുന്ന ഒരു കഥാകൃത്താണ് എം.ടി. വാസുദേവൻ നായർ" - 'വാനപ്രസ്ഥ'ത്തിലെ കഥകളെ ആസ്പദമാക്കി പര്യാലോചിക്കുക. 60

8. 'കണ്ണീരും കിനാവും' എന്ന ഗ്രന്ഥനാമത്തെ അന്വർത്ഥമാക്കുകയാണ് അതിലെ പ്രതിപാദ്യം - സമർത്ഥിക്കുക. 60


Dream Dare Win
www.jeywin.com